**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1872** **19-01-2021 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളിലെ കറുത്തഫിലിം ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **Shri. A. K. Saseendran**<br>**(ഗതാഗത വകുപ്പുമന്ത്രി)** | |
| (എ) | വാഹനങ്ങളിൽ കാഴ്ച മറയ്ക്കുന്ന രീതിയിൽ കറുത്ത ഫിലിം പതിപ്പിക്കുന്നതും കർട്ടൻ ഉപയോഗിക്കുന്നതും കേന്ദ്ര മോട്ടോർ വാഹന നിയമം അനുസരിച്ച് കുറ്റകരമാണോയെന്നും അതിനുള്ള പിഴ ശിക്ഷ എത്രയാണെന്നും അറിയിക്കാമോ; | (എ) | വാഹനങ്ങളിൽ കാഴ്ച മറയ്ക്കുന്ന രീതിയിൽ കറുത്ത ഫിലിം പതിപ്പിക്കുന്നതും കർട്ടൻ ഉപയോഗിക്കുന്നതും കേന്ദ്ര മോട്ടോർ വാഹന നിയമം അനുസരിച്ച് കുറ്റകരമാണ്. പിഴ 250/- രൂപയാണ്. |
| (ബി) | കറുത്ത ഫിലിമിനു പകരം കർട്ടനുപയോഗിച്ച മറച്ച് ഉന്നത പോലീസുദ്യോഗസ്ഥർ വാഹനങ്ങൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അവ നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ വാഹനങ്ങളിൽ കർട്ടൻ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് നീക്കം ചെയ്യാൻ ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ